107 (1651) പെരുമ്പാവൂർക്ക് സ്റ്റേറ്റ് ഹൈവേ

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട്-പിറവം മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മൂവാറ്റുപുഴയാറിന് കുറുകെ പെരുവംമൂഴി പാലം പണി തീർന്നതോടെ കോട്ടയം (പെരുമ്പാവൂർ) തൃശ്ശൂർ ദൂരം 30 കിലോമീറ്ററിലധികം കുറയുന്നതു കൊണ്ട് കോട്ടയം-പിറവം പെരുവംമൂഴി-മഴുവന്നൂർ-വലമ്പൂർ-വളയൻചിറങ്ങര വഴി പെരുമ്പാവൂർക്ക് ഒരു സ്റ്റേറ്റ് ഹൈവേ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എന്നത്തേയ്ക്ക് അതിന്റെ പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് പറയുമോ;

(സി) ഇപ്പോൾ നിലവിലുള്ള നിർദ്ദേശം ഏതു ലൈനിനാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)&(ബി) പ്രസ്തുത സ്റ്റേറ്റ് ഹൈവേ തുടങ്ങുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു. നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നമുറയ്ക്ക് മാത്രമേ പ്രവർത്തനം തുടങ്ങാൻ കഴിയുകയുള്ളൂ. (ദൂരം 30 കി.മീ. കുറയുകയില്ല. നേരിയ കുറവു മത്രമേ ഉണ്ടാകുകയുള്ളൂ.)

(സി) കോട്ടയം ജില്ലയിലെ ഏറ്റുമാനൂരിൽനിന്നും തുടങ്ങി കടുത്തുരുത്തി, പെരുവ, മുളക്കുളം, വലമ്പൂർ, ആലപ്ര വഴി പെരുമ്പാവൂരിൽ അവസാനിക്കുന്നതാണ്. പ്രസ്തുത സ്റ്റേറ്റ് ഹൈവേയ്ക്കുവേണ്ടി ഇപ്പോൾ പരിശോധിച്ചുവരുന്ന നിർദ്ദേശം.

108 (1652) റോഡുകളുടെ വീതികൂട്ടുന്നതിന് പദ്ധതി

<u>ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രധാന റോഡുകളുടെ വീതികൂട്ടുന്നതിന് എന്തൊക്കെ പ്രത്യേക പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)&(ബി) സ്ഥലം ലഭ്യമായതും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതുമായ പ്രധാന റോഡുകൾ നിർദ്ദിഷ്ട നിലവാരത്തിൽ വീതികൂട്ടുന്ന പണികൾ കാലാകാലങ്ങളിൽ ഏറ്റെടുത്ത് നടത്തുന്നുണ്ട്. തിരുവനന്തപുരം നഗരത്തിൽ വെള്ളയമ്പലം-തൈക്കാട് റോഡിന്റെ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഓവർ ബ്രിഡ്ജ് മുതൽ പഴവങ്ങാടി വരെയുള്ള ആറുവരിപ്പാത അടുത്തകാലത്ത് ഗതാഗതത്തിന് തുറന്നു കൊടുത്തിട്ടുണ്ട്. ദേശീയപാത 47,49,17 എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ ഭരണാനുമതിയും ഫണ്ടും ഉപയോഗിച്ച് വിവിധ ഭാഗങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കൂടാതെ ദേശീയപാതാ വിഭാഗത്തിൽ സംസ്ഥാന സർക്കാരിന്റെ ഭരണാനുമതിയും

LIBRARY ARCHIVES Kerala Legislative Assembly